


# Week 2: January.

## സ്വശക്തിയാൽ ഒരുത്തനും ജയിക്കയില്ല (1 ശമു:2:9)




ഏകാധിപ൭ത്യത്തിനു കീഴിൽ സ്വകാര്യതയ്ക്ക് എന്ത് കാര്യം. ഏകാധിപതികൾ, ഞാനെന്ന ഭാവമുള്ളവർ എല്ലാം സ്വശക്തിയിലും കഴിവിലും ആശ്രയിക്കുന്നവരാണ്. താൻ മാത്രം ഉന്നതൻ എന്ന ചിന്തമൂലം മറ്റുള്ളവർക്കു ാകുന്ന ബുദ്ധിമുട്ട് ഇവർ ശ്രദ്ധിക്കാറില്ല. ഉത്തരകൊറിയൻ ഏകാ

ധിപതി 'കിം ജോങ് യുൻ' ന്റെ പ്രവർത്തികൾ ഇതിനുദാഹരണമാണ്. കംപ്യൂട്ടർ സ്വന്തമായാലും സ്ക്രീൻ സേവറും,വോൾപേപ്പറും വരെ നിശ്ചയിക്കുന്നത് സർക്കാർ അഥവാ കിം ആണ്. കിം ജോങ് യുൻ എന്ന പേർ വലിയ അക്ഷരത്തിൽ മാത്രം എഴുതുക, കൂടാതെ കിം എന്ന പേര് മറ്റാർക്കും ഉപയോഗിക്കുകയും ചെയ്യരുത് എന്നത് അദ്ദേഹത്തിന്റെ ആജ്ഞയാണ്. കിമ്മിന്റെ ലീലാവിലാസമാണ് ഇവയെങ്കിൽ സ്വശക്തിയിലാശ്രയിച്ച് തകർന്നുപോയ വീരൻമാരാണ് ഗദ്ദാഫി, സദ്ദാം, ഹിറ്റ്ലർ, നെപ്പോളിയൻ മുതലായവർ. " വീരൻമാരുടെ വില്ല് ഒടിഞ്ഞുപോകുന്നു" എന്ന വചനസൂക്തം പോലെ ഇവരുടെ ജീവിതവും അമ്പേ... പരാജയമായിരുന്നു.

സ്വയത്തിലാശ്രയിക്കുന്നവരോട്, ധനം സ്വരുക്കൂട്ടുന്നവരോട് ഒരു ധനവാന്റെ ചിന്ത യേശു പങ്കു വയ്ക്കുന്നു. (ലൂക്കോ:12:16-19)

"മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിച്ചാൽ ഒരുക്കിവച്ചത് ആർക്കാകും" ? ദൈവം തന്നതല്ലാതെ നമുക്കൊന്നും ഇല്ല. ദാരിദ്രവും , ഐശ്വര്യവും നൽകുന്നതും, ഉയർത്തുന്നതും താഴ്ത്തുന്നതും എല്ലാം കർത്താവത്രെ. അതുകൊ ് പ്രീയരേ ഡംഭിച്ച് ഡംഭിച്ച് ഇനി സംസാരിക്കരുത്. സ്വന്തഹൃദയത്തിലാശ്രയിച്ച് മൂഢനാകാതെ യഹോവയിലാശ്രയിച്ച് നന്മചെയ്യുക.

## പ്രാർത്ഥന

സഹായിപ്പാനും, വീഴിപ്പാനും, ഉയർത്തുവാനും ശക്തിയുള്ളവനായ കർത്താവേ ! എന്റെ സ്വാർത്ഥത അങ്ങയെ വേദനിപ്പിച്ചത് എന്നോട് ക്ഷമിക്കേണമേ. വ്യർത്ഥവാക്കുകൾ

അങ്ങ് ശ്രദ്ധിക്കുകയില്ല എന്ന് എന്നെ മനസ്സിലാക്കിയതിനായി സ്തോത്രം. മറവിടമായി അങ്ങ് എനിക്കുള്ളതിനാൽ അങ്ങയുടെ ചിറകിൻ കീഴിൽ എന്നെ മറച്ച് നിന്റെ ദയയാൽ നടത്തേണമേ. ദൈവത്തിൽ നിന്ന് ജനിച്ചവനായി ലോകത്തെ ജയിപ്പാൻ എന്നെ സഹായിക്കേണമേ. അങ്ങ് പ്രാർത്ഥന സ്വീകരിച്ചതിനാൽ സ്തോത്രം.

ആമേൻ

---


Santhamma Varghese

This article is written by Santhamma Varghese, copyright with http://biblestudy.co.in